**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5269** **12-08-2021 - ൽ മറുപടിയ്ക്ക്**

**പാറത്തോട് പഞ്ചായത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സ്ഥലംവാങ്ങി വ്യവസായ വകുപ്പിന് കൈമാറിയ സ്ഥലത്ത് ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എ) | കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 2 ഏക്കർ സ്ഥലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥലം ടി സംഘത്തിന്റെ കൈവശത്തിലാണ്. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിയമാനുസൃതം 10 മീറ്റർ വീതി റോഡ് ആവശ്യമാണ്. നിലവിൽ ഇത് 4 മീറ്റർ ആണ്. എസ്റ്റേറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ലാൻഡ് അക്വിസിഷൻ നടപടികളുടെ ഭാഗമായുള്ള സാമൂഹിക പ്രത്യാഘാത പഠനം പൂർത്തീകരിച്ച് ലഭിച്ച റിപ്പോർട്ടിന്മേൽ കോട്ടയം ജില്ലാ കളക്ടർ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിക്കാനുണ്ട്. എസ്റ്റേറ്റ് നിർമ്മാണ പ്രവർത്തനം ഏറ്റെടുക്കുവാൻ കോട്ടയം ജില്ലാ മിനി വ്യവസായ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സന്നദ്ധമാണ്. നിലവിൽ വ്യവസായം തുടങ്ങുവാൻ 70 ഓളം വ്യവസായ സംരംഭകർ താൽപര്യം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ